**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2513** **02-08-2021 - ൽ മറുപടിയ്ക്ക്**

**കുട്ടികളുടെ പഠനനിലവാരം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. ജെ. വിനോദ് | | **Shri V Sivankutty**<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | കോവിഡിന്റെ പശ്ചാത്തലത്തിൽ പട്ടികജാതി, പട്ടികവർഗ്ഗ, മത്സ്യത്തൊഴിലാളി മേഖലകളിൽ നിന്നുള്ള കുട്ടികളുടെ പഠനനിലവാരം വിലയിരുത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ? | (എ) | കോവിഡിന്റെ പശ്ചാത്തലത്തിൽ പട്ടികജാതി, പട്ടികവർഗ്ഗ, മത്സ്യത്തൊഴിലാളി മേഖലകളിൽ നിന്നുള്ള കുട്ടികളുൾപ്പടെ ഒന്നു മുതൽ പന്ത്രണ്ട് വരെയുള്ള ക്ലാസ്സുകളിലെ എല്ലാ വിഭാഗം കുട്ടികളുടെയും വിദ്യാഭ്യാസത്തിന്റെ ഗുണ നിലവാരവും പഠനനിലവാരവും ഉറപ്പുവരുത്താൻ വിവിധ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഒന്നു മുതൽ പന്ത്രണ്ട് വരെ ക്ലാസ്സുകളിലേയ്ക്കായി വീഡിയോ ക്ലാസ്സുകൾ ക്രമമായി തയ്യാറാക്കി വിക്ടേഴ്സ് ചാനലിലൂടെയും യുട്യൂബ് ചാനലിലൂടെയും കുട്ടികൾക്ക് ലഭ്യമാക്കി വരുന്നു. പ്രീ-പ്രൈമറി ക്ലാസ്സുകൾക്ക് ആവശ്യമായതും ഭിന്നശേഷിക്കാരായ കുട്ടികൾക്ക് വേണ്ടിയും പ്രത്യേകം ക്ലാസ്സുകൾ തയ്യാറാക്കി നൽകുന്നുണ്ട്. കുട്ടികളുടെ പഠനസമയത്തുള്ള പ്രയാസങ്ങൾ മനസ്സിലാക്കുന്നതിനായി വർക്ക് ഷീറ്റുകൾ തയ്യാറാക്കി നൽകുന്നു. പഠനത്തിന് ആവശ്യമായ സഹായം ഉറപ്പുവരുത്തുന്നതിന് ജില്ലാതലത്തിലും സബ് ജില്ലാ തലത്തിലും സ്കൂൾ തലത്തിലും സംവിധാനം ഒരുക്കിയിട്ടുണ്ട്. വിക്ടേഴ്സ് ചാനലിലൂടെ സംപ്രേക്ഷണം ചെയ്യുന്ന ക്ലാസ്സുകൾക്ക് പുറമെ സ്വന്തം അധ്യാപകരുടെ മേൽനോട്ടത്തിൽ തുടർ പ്രവർത്തനങ്ങളും നൽകുന്നുണ്ട്. |

സെക്ഷൻ ഓഫീസർ